

THURSDAY 14.03.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003

Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/03/2024

1. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരുടെ സിറ്റിങ് ഇന്ന് (14.03.2024) ഓൺലൈനായി എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ നടത്തും. രാവിലെ 10 മുതൽ സിറ്റിങ് ആരംഭിക്കും. നോട്ടീസ് ലഭിച്ച അപേക്ഷകർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ രാവിലെ 10നു ഹാജരാകേണ്ടതാണ്.

2. കർഷകതൊഴിലാളി ക്ഷേമനിധിബോർഡ് കൊല്ലം ഓഫീസിന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കുള്ള ബോധവത്ക്കരണത്തിനും അംശദായം സ്വീകരിക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമായി രാവിലെ 10 മുതൽ സിറ്റിങ് നടത്തും. ഇന്ന് (മാർച്ച് 14) അഞ്ചൽ പഞ്ചായത്ത് ഓഫീസ്, മാർച്ച് 16 - കുളത്തൂപ്പുഴ പഞ്ചായത്ത് ഓഫീസ്, മാർച്ച് 27- ചടയമംഗലം ബ്ലോക്കോഫീസിലുമാണ് സിറ്റിങ് നടത്തുന്നത്. അംശാദായം അടയ്ക്കാനെത്തുന്നവർ ആധാറിന്റെ പകർപ്പ് കൊണ്ട് വരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9746822396, 7025491386, 0474 2766843, 2950183 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല പുറത്തിറക്കിയ ഇഞ്ചി ഇനമായ 'കാർത്തിക'യിൽ നിന്ന് സ്ഥിരതയുള്ള ജിൻജറോൾ ഉല്പന്നം വികസിപ്പിച്ചതിന് കേരള കാർഷിക സർവകലാശാലക്കും ആലുവയിലെ അർജ്ജുന നാച്ചുറൽ പ്രൈവറ്റ് ലിമിറ്റഡിനും ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ ബയോക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ സസ്യ സജീവ സംയുക്തങ്ങളുടെ പ്രമുഖനിർമ്മാതാക്കളായ അർജ്ജുന നാച്ചുറൽസും കാർഷിക സർവകലാശാലയും ചേർന്ന് നടത്തിയ സഹകരണ ഗവേഷണ പദ്ധതിയുടെ ഫലമാണ് ഈ പേറ്റന്റ്.

4. സംസ്ഥാനസർക്കാർ മത്സ്യവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന വിവിധ ഘടകപദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അർധ ഊർജ്ജിത (തിലാപ്പിയ, ആസാംവാള, വരാൽ, അനബാസ്, കാർപ്പ്) മത്സ്യകൃഷി, പടുതാകുളങ്ങളിലെ (ആസാംവാള, വരാൽ, അനബാസ്) മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ), ബയോഫ്ളോക്കിലെ മത്സ്യകൃഷി (തിലാപ്പിയ) എന്നിവയാണ് ഘടകപദ്ധതികൾ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30. അപേക്ഷ ഫോമുകളും കൂടുതൽ വിവരങ്ങളും നെടുങ്കണ്ടം മത്സ്യഭവൻ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാർ എന്നിവരിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മത്സ്യഭവൻ ഇടുക്കി- 04862 233226, മത്സ്യഭവൻ നെടുങ്കണ്ടം- 04868 234505 എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും.

5. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഉത്പ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ 9495000923, 9495000915, 9495000913 എന്നീ നമ്പരുകളിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

6. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ 'പാലിൽ നിന്ന് മൂല്യവർദ്ധിത ലഘുഭക്ഷണങ്ങൾ (Snacks) എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡെയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് മാർച്ച് 15,16 തിയ്യതികളിൽ ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. ഫീസ്: 1000 രൂപ. വിശദവിവരങ്ങൾക്ക് 9744481598 എന്ന നമ്പറിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 13 പെൺപന്നിയെയും 1 ആൺപന്നിയെയും ഈ മാസം 26 ന് (26/03/2024) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പന്നികൾക്ക് 2000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം മാർച്ച് 18 മുതൽ 22 വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം